**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2404** **12-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. യു. എ. ലത്തീഫ്</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ, ആരംഭം മുതൽ 2023 ഡിസംബർ വരെയുള്ള കാലയളവിലെ എത്ര ഹർജികൾ തീർപ്പാക്കുവാനുണ്ടെന്ന് വർഷം തിരിച്ച് വിശദീകരിക്കുമോ;</td><td>(എ)</td><td>2004-ൽ ട്രൈബ്യൂണൽ നിലവിൽ വന്നതു മുതൽ 2015 വരെ ഫയൽ ചെയ്ത എല്ലാ ഹർജികളും തീർപ്പാക്കിയിട്ടുണ്ട്. 2016 മുതൽ 2023 വരെ തീർപ്പാക്കുവാനുള്ള ഹർജികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>
<table>
<tr><th></th><th>2016</th><th>2017</th><th>2018</th><th>2019</th><th>2020</th><th>2021</th><th>2022</th><th>2023</th><th>ആകെ</th></tr>
<tr><td>അപ്പീൽ</td><td>1</td><td>91</td><td>207</td><td>376</td><td>265</td><td>387</td><td>621</td><td>561</td><td>2509</td></tr>
<tr><td>റിവിഷൻ പെറ്റീഷൻ</td><td>0</td><td>2</td><td>14</td><td>50</td><td>53</td><td>40</td><td>62</td><td>86</td><td>307</td></tr>
<tr><td>റഫറൻസ്</td><td>0</td><td>0</td><td>0</td><td>1</td><td>1</td><td>6</td><td>4</td><td>1</td><td>13</td></tr>
<tr><td>ആകെ</td><td>1</td><td>93</td><td>221</td><td>427</td><td>319</td><td>433</td><td>687</td><td>648</td><td>2829</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഒരു അപ്പീലോ മറ്റോ ഫയൽ ചെയ്താൽ അതിൽ അന്തിമ തീരുമാനമാകുവാൻ വർഷങ്ങൾ വേണ്ടി വരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;</td><td>(ബി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ ട്രൈബ്യൂണലുകൾ മറ്റ് ജില്ലകളിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധനയിലാണ്.</td></tr>
<tr><td>(സി)</td><td>ചെറിയ കാര്യങ്ങൾക്ക് പോലും അഭിഭാഷകരെ നിയോഗിച്ച് വളരെ നാളുകൾ കേസ് നടത്തേണ്ട അവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;</td><td>(സി)</td><td>ഇല്ല. ഹർജിക്കാർക്ക് അഭിഭാഷകരെ ഒഴിവാക്കി കേസുകൾ നടത്താവുന്നതാണ്.</td></tr>
<tr><td>(ഡി)</td><td>നിയമ സങ്കീർണ്ണതകളില്ലാത്ത വിഷയങ്ങളിലെ അപ്പീലുകളും മറ്റും പരിഗണിക്കുന്ന ചുമതല</td><td>(ഡി)</td><td>നിലവിൽ പരിഗണനയിലില്ല.</td></tr>
</table>

| | | | |
|---|---|---|---|
| | അതാത് ജില്ലകളിലെ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്ക് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ